No. CEE/5500/2017/KEAM-2018/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM-2018

## എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ്

## പുതുതായി ഉൾപ്പെടുത്തിയ സ്വാശ്രയ ഫാർമസി കോളേജുകളിലേയ്ക്ക് കൂടി ഓപ്ഷനുകൾ നൽകാൻ അവസരം

സംസ്ഥാനത്തെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി കോഴ്സുകളിലേക്കുള്ള മൂന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റിൽ സ്വാശ്രയ ഫാർമസി കോളേജുകളിലെ ബി.ഫാം കോഴ്സിൽ സർക്കാരിന് ലഭ്യമായ സീറ്റുകളിലേയ്ക്കു കൂടി അലോട്ട്മെന്റ് നടത്തുന്നതാണ്. പുതുതായി ഉൾപ്പെടുത്തിയ സ്വാശ്രയ ഫാർമസി കോളേജുകളിലേയ്ക്കു കൂടി വിദ്യാർത്ഥികൾക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും, മൂന്നാം ഘട്ട അലോട്ട്മെന്റിൽ പങ്കെടുക്കുന്നതിനുള്ള ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ/ഓപ്ഷൻ പുന:ക്രമീകരണം/ആവശ്യമില്ലാത്ത ഓപ്ഷനുകൾ റദ്ദാക്കൽ എന്നിവയ്ക്കുമുള്ള സൗകര്യം **2018 ജൂലൈ 20 രാവിലെ 10 മണി**വരെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനകം ലഭ്യമാകുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ ഫാർമസി കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് **20.07.2018** ന് രാത്രി പ്രസിദ്ധീകരിക്കുന്നതാണ്.

മൂന്നാം ഘട്ട അലോട്ട്മെന്റിൽ താഴെപ്പറയുന്ന സ്വാശ്രയ ഫാർമസി കോളേജുകളിലേയ്ക്ക് കൂടി വിദ്യാർത്ഥികൾക്ക് പുതുതായി ഓപ്ഷനുകൾ നൽകാവുന്നതാണ്.

| Sl. No. | College Code | Name of College | Total Seats | Seats allotted by CEE | Tuition Fees | Special Fees including Refundable Caution Deposit |
|---|---|---|---|---|---|---|
| **Centre for Professional & Advanced Studies-ന് കീഴിലുള്ള സ്വാശ്രയ ഫാർമസി കോളേജുകൾ** | | | | | | |
| 1 | DPB | Department of Pharmaceutical Science, Cheruvandoor, Ettumanoor P O, Kottayam | 60 | 100% | Rs. 85,000/- | Rs. 37,605/- |
| 2 | RIB | Department of Pharmaceutical Science, Puthuppally, Kottayam | 60 | 100% | Rs. 85,000/- | Rs. 37,605/- |
| **സ്വകാര്യ സ്വാശ്രയ ഫാർമസി കോളേജുകൾ** | | | | | | |
| 1 | AFB | Al Shifa College of Pharmacy, Poonthavanam P O, Kizhattur, Perinthalmanna, Malappuram | 100 | 50% | Rs. 98,000/- | Rs. 37,605/- |
| 2 | AHB | Ahalia School of Pharmacy, Kozhipara, Palakkad | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 3 | CCB | Chemists College of Pharmaceutical Science & Research, Varikoli, Puthencruz, Ernakulam | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 4 | CRB | Crescent College of Pharmaceutical Sciences, Madayipara, Pazhayangadi, Kannur | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 5 | DAB | Devaki Amma Memorial College of Pharmacy, Chelembra, Pulliparamba, Malappuram | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 6 | DVB | The Dale View College of Pharmacy & Research Centre, Punalal P O, Thiruvananthapuram | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 7 | ECB | Ezhuthachan College of Pharmaceutical Science, Marayamuttam, Neyyattinkara, Thiruvananthapuram | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 8 | EPB | Elims College of Pharmacy, Ramavarmapuram P O, Villadam, Thrissur | 50 | 50% | Rs. 98,000/- | Rs. 37,605/- |
| 9 | GCB | Grace College of Pharmacy, Kodunthirapully, Palakkad | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 10 | JCB | St. James College of Pharmaceutical Sciences, River Bank, Chalakudy, Thrissur | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 11 | JDB | JDT Islam College of Pharmacy, Marikunnu, Kozhikode | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 12 | JSB | Jamia Salafiya Pharmacy College, Salafiya Gramam, Pulikkal, Malappuram | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 13 | KMB | KMCT College of Pharmaceutical Sciences, Kalanthode, Kozhikode | 60 | 50% | Rs. 98,000/- | Rs. 37,605/- |

| | | | | | | |
|---|---|---|---|---|---|---|
| 14 | KPB | K T N College of Pharmacy, Puliyanamkunnu, Chalavara P O, Ottappalam TK, Palakkad | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 15 | KRB | Karuna College of Pharmacy, Thirumittacode, Pattambi, Palakkad | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 16 | KVB | K V M College of Pharmacy, Kokkothamangalam, Cherthala, Alappuzha | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 17 | MCB | Moulana College of Pharmacy, Near Railway Station, Angadippuram P O, Perinthalmanna, Malappuram | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 18 | MDB | Mar Dioscorus College of Pharmacy, Alathara, Sreekaryam, Thiruvananthapuram | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 19 | MKB | Malik Deenar College of Pharmacy, Seethangoli, Bela P O, Kasaragod | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 20 | MMB | Mookambika College of Pharmaceutical Sciences and Research, Ettappilly, Mannathoor P O, Muvattupuzha, Ernakulam | 50 | 50% | Rs. 98,000/- | Rs. 37,605/- |
| 21 | MPB | Dr. Joseph Mar Thoma Institute of Pharmaceutical Sciences & Research, Pallickal P O, Kattanam, Alappuzha | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 22 | MZB | Mount Zion College of Pharmaceutical Science and Research, Adoor, Pathanamthitta | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 23 | NAB | Nazareth College of Pharmacy, Othera, Thiruvalla, Pathanamthitta | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 24 | NCB | Nehru College of Pharmacy, Pampady, Thiruvilwamala, Thrissur | 100 | 50% | Rs. 98,000/- | Rs. 37,605/- |
| 25 | NEB | Nirmala College of Health Sciences, Kunnappilly P O, Meloor, Thrissur-680311 | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 26 | NMB | Nirmala College of Pharmacy, Muvattupuzha, Ernakulam | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 27 | NPB | National College of Pharmacy, Manassery, Mukkam, Kozhikode | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 28 | PCB | Pushpagiri College of Pharmacy, Perumthuruthy P O, Thiruvalla, Pathanamthitta | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 29 | PPB | Prime College of Pharmacy, Erattayil, Palakkad | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 30 | RGB | Rajiv Gandhi Institute of Pharmacy, Trikaripur, Hosdurg Taluk, Kasaragod | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 31 | SCB | St. Joseph's College of Pharmacy, Cherthala, Alappuzha | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 32 | SJB | St. John's College of Pharmaceutical Sciences & Research, Kattapana, Idukki-685515 | 50 | 50% | Rs. 98,000/- | Rs. 37,605/- |
| 33 | SPB | Sanjoe College of Pharmaceutical Studies, Kuzhalmannam, Palakkad | 60 | 50% | Rs. 98,000/- | Rs. 37,605/- |
| 34 | DMB | DM Wims College of Pharmacy, Wayanad | 50 | 50% | Rs. 98,000/- | Rs. 37,605/- |
| 35 | SKP | Sree Krishna College of Pharmacy and Research Centre, Parassala, Thiruvananthapuram | 50 | 50% | Rs. 98,000/- | Rs. 37,605/- |
| 36 | KNB | College of Pharmacy, Kannur Medical college, Anjarakandy, Kannur | 60 | 50% | Rs. 98,000/- | Rs. 37,605/- |

**എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ചവർ മൂന്നാം ഘട്ട അലോട്ട്മെന്റിൽ ഹയർ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തേണ്ടതാണ്. ആദ്യ രണ്ടു ഘട്ടങ്ങളിലും അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും മൂന്നാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. നിശ്ചിത സമയത്തിനകം മേൽപറഞ്ഞ വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും മൂന്നാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.** കൂടാതെ ഇവരുടെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ നിലവിലുള്ള എല്ലാ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതിനാൽ ഭാവിയിലുള്ള ഓൺലൈൻ അലോട്ട്മെന്റുകളിലും ഈ കോഴ്സുകളിലേയ്ക്ക് പരിഗണിക്കുന്നതല്ല. എന്നാൽ രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രകാരം ഏതെങ്കിലും കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുകയും കോളേജുകളിൽ പ്രവേശനം നേടുകയും ചെയ്തവരുടെ അഡ്മിഷൻ നിലനിർത്തുന്നതായിരിക്കും.

അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ മൂന്നാം ഘട്ട അലോട്ട്മെന്റ് മെമ്മോ പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഫീസ്/അധിക തുക ഒടുക്കേണ്ടതുണ്ടെങ്കിൽ ആയത് **21.07.2018 മുതൽ 25.07.2018 വൈകുന്നേരം 5 മണി**യ്ക്കകം ഓൺലൈനായോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കിയ ശേഷം **25.07.2018 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. ഇപ്പോൾ ഏതെങ്കിലും കോഴ്സിൽ/കോളേജിൽ പ്രവേശനം നേടിയിരിക്കുന്നവർക്ക് മൂന്നാം ഘട്ടത്തിൽ അലോട്ട്മെന്റ് മാറ്റം ലഭിക്കുന്ന പക്ഷം അവർ ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന കോഴ്സിൽ/കോളേജിൽ നിന്നും വിടുതൽ നേടി ഫീസും മറ്റ് രേഖകളും തിരികെ വാങ്ങിയ ശേഷം പുതുതായി അലോട്ട്മെന്റ് ലഭിച്ച കോഴ്സിൽ/കോളേജിൽ 25.07.2018 വൈകുന്നേരം 5 മണിയ്ക്ക് മുൻപായി പ്രവേശനം നേടേണ്ടതാണ്. പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികൃതർ ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (**OAMS**) മുഖേന 25.07.2018 വൈകുന്നേരം 5.30 ന് മുൻപായി അംഗീകരിച്ച് സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം ഫീസ് ഒടുക്കി പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും ബന്ധപ്പെട്ട സ്ട്രീമിലെ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. റദ്ദാക്കപ്പെടുന്ന ഓപ്ഷനുകൾ പിന്നീടുള്ള ഓൺലൈൻ അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതല്ല.

**ടോക്കൺ ഡെപ്പോസിറ്റ്**

പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും ടോക്കൺ ഡെപ്പോസിറ്റായി **1,000/- രൂപ** അടച്ച ശേഷം നിശ്ചിത സമയത്തിനകം അലോട്ട്മെന്റ് ലഭിച്ച കോഴ്സിൽ/കോളേജിൽ പ്രവേശനം നേടേണ്ടതാണ്.

ഗവൺമെന്റും സ്വാശ്രയ മാനേജ്മെന്റുകളും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഘടന ബഹുമാനപ്പെട്ട കോടതിയോ മറ്റ് അധികാരപ്പെട്ട സ്ഥാപനങ്ങളോ അംഗീകരിക്കാത്ത പക്ഷം ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസ് എല്ലാ വിദ്യാർത്ഥികളും അടയ്ക്കാൻ ബാധ്യസ്ഥരായിരിക്കും.

കേന്ദ്ര റഗുലേറ്ററി അതോറിറ്റിയുടെ അംഗീകാരവും യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനും സർക്കാർ അനുമതിയുമുള്ള കോളേജുകളിലേക്ക് മാത്രമേ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുകയുള്ളൂ.

**പ്രത്യേക ശ്രദ്ധയ്ക്ക്:**

1) മൂന്നാം ഘട്ട അലോട്ട്മെന്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോളേജുകളിലേയ്ക്കുള്ള അവസാന അലോട്ട്മെന്റ് ആയിരിക്കും.
2) മൂന്നാം ഘട്ടത്തിൽ സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്നവർ നിർബന്ധമായും പ്രവേശനം നേടിയിരിക്കണം. അല്ലാത്തപക്ഷം അനാവശ്യ ഓപ്ഷനുകൾ നൽകിയതിന് പ്രോസ്പെക്ടസ് വ്യവസ്ഥ 12.2.4(c) പ്രകാരം 50,000/- രൂപ പിഴ നൽകാൻ ബാധ്യസ്ഥരാണ്. കൂടാതെ ഇവർ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കിയിട്ടുള്ള ഫീസ് തിരികെ നൽകുന്നതുമല്ല.
3) മൂന്നാം ഘട്ട അലോട്ട്മെന്റിൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളെ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരം പിന്നീടുള്ള ഓൺലൈൻ അലോട്ട്മെന്റുകളിൽ എഞ്ചിനീയിംഗ് കോഴ്സുകളിലേയ്ക്ക് പരിഗണിക്കുന്നതല്ല.
4) മൂന്നാം ഘട്ട അലോട്ട്മെന്റിൽ സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളെ ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ വ്യവസ്ഥ പ്രകാരം പിന്നീടുള്ള ഓൺലൈൻ അലോട്ട്മെന്റുകളിൽ ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് പരിഗണിക്കുന്നതല്ല.
5) അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജുകളിലേയ്ക്കും കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2332123**

തിരുവനന്തപുരം
18.07.2018

Santhosh Kumar

**പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി**